(ബി) ഇപ്രകാരം സർക്കാർ ഏറ്റെടുത്തതും സർക്കാർ ഉത്തരവ് (പി) നം.33/2005/എഫ്.ഡബ്ല്യു.ഡി. തീയതി 5-3-2005 പ്രകാരം സ്ഥിരപ്പെടുത്തിയ വികലാംഗരായ അദ്ധ്യാപകർ ജോലി ചെയ്യുന്നതുമായ സ്കൂളുകളിൽ ഡിവിഷൻ ഫാൾ ഉണ്ടായാൽ ഈ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ഏറ്റെടുത്ത പഞ്ചായത്തു സ്കൂളുകളിൽ 1997-നു മുമ്പും 1997-നു ശേഷവും പി.എസ്.സി.വഴി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് ഡിവിഷൻ ഫാൾ ഉണ്ടായാൽ പ്രൊട്ടക്ഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന 104 സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) പഞ്ചായത്ത് സ്കൂളുകളിൽ 14-7-1997-ന് മുമ്പ് അംഗീകൃത സർവ്വീസിൽ പ്രവേശിച്ചവർക്കു മാത്രമേ നിലവിൽ പ്രൊട്ടക്ഷന് അർഹതയുള്ളു.

(സി) പഞ്ചായത്ത് സ്കൂളുകളിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർക്ക് തസ്തിക നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവരെ മറ്റ് സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ പുനർവിന്യസിപ്പിച്ച് സംരക്ഷണം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

സ്കൂളുകൾക്ക് ത്രീഫേസ് വൈദ്യുതി കണക്ഷനുകൾ

21 (2023) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ പഠനാർത്ഥം സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള സിംഗിൾ ഫേസ് വൈദ്യുതി കണക്ഷൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ബി) കെ.എസ്.ഇ.ബി. നിബന്ധന പ്രകാരമുള്ള കണക്റ്റഡ് ലോഡിനു മുകളിൽ വൈദ്യുത ഉപഭോഗം വന്നതിനാൽ മിക്ക സ്കൂളുകൾക്കും ഭീമമായ തുക അധിക വൈദ്യുതി ബില്ലായി ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭ്യമായിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിൽ ത്രീഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിലാണ് സിംഗിൾ ഫേസോ ത്രീ ഫേസോ എന്ന് നിശ്ചയിക്കുന്നത്. ലോഡുകൂടുതലാണെങ്കിൽ ത്രീഫേസ് ഏർപ്പെടുത്താവുന്നതാണ്.

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ വൈദ്യുതി വകുപ്പുമായി ആലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജി-നാല് സെക്ഷനിലെ ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം

22 (2024) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരെ അത്യാവശ്യ ജോലിക്കായി താല്ക്കാലികമായി നിയോഗിക്കുന്നത് കാരണം അടിയന്തര ഫയലുകൾ തീർപ്പു കൽപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ജി-നാല് സെക്ഷനിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര ജീവനക്കാരെ നിയമിച്ചു ; എത്ര പേരെ സ്ഥലംമാറ്റി എന്ന് വെളിപ്പെടുത്തുമോ ;

(സി) തുടരെ ഉള്ള സ്ഥലംമാറ്റംമൂലവും ജീവനക്കാരെ മറ്റ് അത്യാവശ്യ ജോലിക്ക് താൽക്കാലികമായി നിയോഗിക്കുന്നതിനാലും ജി-നാല് സെക്ഷനിലെ ഫയലുകൾ തീർപ്പു കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജി4 വിഭാഗത്തിൽ കഴിഞ്ഞ 3 വർഷത്തിനിടെ 3 ജീവനക്കാരെ നിയമിച്ചിരുന്നു. ഇതിൽ ഒരാൾ ഡെപ്യൂട്ടേഷനിൽ പോകുകയും മറ്റൊരാൾ സ്ഥലംമാറ്റം വാങ്ങി സ്വന്തം ജില്ലയിലേക്ക് പോകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly